# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in & kauagmet@yahoo.co.in

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## തൃശ്ശൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ് 48/2018(95), വെള്ളിയാഴ്ച** | **തീയ്യതി 30.11.2018**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 2.7 മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 31.9 മുതൽ 32.9 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.5 മുതൽ 25.3 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 65 മുതൽ 90 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 46 മുതൽ 65 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 3.1 മുതൽ 10.5 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 7.6 മുതൽ 9.7 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 3.0 മുതൽ 5.0 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 01.12.2018 | 02.12.2018 | 03.12.2018 | 04.12.2018 | 05.12.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 1 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 5 | 4 | 4 | 4 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 8 | 6 | 6 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 180 | 90 | 110 | 110 | 340 |
| **ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ പ്രവചനമനുസരിച്ച് ജില്ലയിൽ വരും 5 ദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയില്ല.** | | | | | |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| നെല്ല് | ഞാറുപരുവം | പട്ടാളപ്പുഴു | നെല്ലിൽ പട്ടാളപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കുന്നതിനായി,<br>• പാടത്ത് കുറഞ്ഞത് 24 മണിക്കൂറെങ്കിലും വെള്ളം കെട്ടി നിർത്തുക.<br>• നെൽ ചെടികളിലും പാടത്തിന്റെ വരമ്പുകളിലും കളകളിലും 3 മി.ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ നന്നായി തളിക്കുക.<br>• നടീൽ കഴിഞ്ഞിട്ടില്ലാത്ത പാടങ്ങളിൽ ക്ലോറാൻട്രനിലിപ്രോൾ ഗ്രാന്യൂൾസ് 4 കി.ഗ്രാം ഒരു ഏക്കറിന് എന്ന തോതിൽ വളത്തോടൊപ്പം ചേർത്ത് കൊടുക്കുക.<br>• പാടവരമ്പും ചുറ്റുപാടുകളും കള വിമുക്തമാക്കുക. |
| പച്ചക്കറികൾ (പയർ) | - | മൃദുരോമപൂപ്പ് | പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 2.5 ഗ്രാം കർസേറ്റ് എം8 അല്ലെങ്കിൽ 1 മി.ലി ഇക്വേഷൻ പ്രോ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ കലക്കി തളിക്കുക. |
| വാഴ | - | ഇലതീനിപ്പുഴു | ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ക്വിനാൽഫോസ് 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | അധിക അമ്ലതമൂലമുള്ള ദഹനക്കേട് ഒഴിവാക്കുവാനായി 30 ഗ്രാം സോഡാപൊടിയും 1 ടിസ്പൂൺ യീസ്റ്റ് കുതിർത്തതും തീറ്റയിൽ ചേർത്ത് ദിവസേന നൽകുക.<br>**(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | | |